


## ഉധിയുടെ മാഹാത്മ്യം

*തേളുകുത്തിയതും പ്ലേഗും സുഖപ്പെടുത്തി - ജാംനഗറിലെ അത്ഭുതം - നാരായണറാവുവിന്റെ സുഖക്കേട് - ബാലാബുവാസുതാർ അപ്പാ സാഹെബ് കുൽക്കർണ്ണി - ഹരിഭാവുകാർണിക്ക്*

*കഴിഞ്ഞ അദ്ധ്യായത്തിൽ ഗുരുവിന്റെ മാഹാത്മ്യം വിവരിച്ചു. ഈ അദ്ധ്യായത്തിൽ ഉധിയുടെ മാഹാത്മ്യം വിവരിക്കുന്നതാണ്.*

## പ്രാരംഭക്കുറിപ്പുകൾ

നമുക്ക് മഹത്തുകളായ ഋഷിശ്വരന്മാരെ വന്ദിക്കുക. അവരുടെ കരുണാമയമായ കടാക്ഷംകൊണ്ട് നമ്മിൽ കുന്നുകൂടിയ പാപങ്ങൾ നശിപ്പിക്കപ്പെടുന്നുവെന്നു മാത്രമല്ല, നമ്മുടെ സ്വഭാവത്തിലുള്ള ചീത്തവശങ്ങൾ ഇല്ലായ്മ ചെയ്യപ്പെടുകയും ചെയ്യുന്നു. അവരുടെ മനസ്സിൽ 'ഇത് എന്റെ അത് നിന്റെ' എന്ന വ്യത്യാസങ്ങളില്ല. അത്തരം വിവേചനങ്ങൾ അവരുടെ മനസ്സിൽ ഉദിക്കുന്നേയില്ല. അവരോടുള്ള കടപ്പാട്

നമുക്ക് ഈ ജന്മത്തിലല്ല മറ്റു നിരവധി ജന്മങ്ങളെക്കൊണ്ടും തീർക്കാവുന്നതല്ല.

## ഉധി

ബാബ പലരിൽനിന്നും ദക്ഷിണ സ്വീകരിക്കലുണ്ടെന്നും, അതിൽ നിന്ന് വലിയൊരു ഭാഗം ധാർമ്മിക വിഷയങ്ങളിൽ ചിലവാക്കി ബാക്കി വിറകു വാങ്ങലായിരുന്നുവെന്നും പരക്കെ അറിയാവുന്ന വസ്തുകളാണ്. ഈ വിറക് ബാബ കെടാതെ കത്തിച്ചിരുന്ന അഗ്നിയായ ധുനിയിൽ ഇടലായിരുന്നു പതിവ്. ഈ ധുനിയിലെ വെണ്ണീറാണ് ഉധി. ഇത് അവിടെ വരുന്ന ഭക്തന്മാർക്ക് മടങ്ങിപ്പോകുമ്പോൾ ധാരാളമായി വാരിക്കൊടുക്കലുണ്ടായിരുന്നു.

ഈ ഉധികൊണ്ട് ബാബ എന്താണ് പഠിപ്പിച്ചിരുന്നത് ? ഈ ലോകത്തിലുള്ള സകല സംഗതികളും വെണ്ണീറായി പോവുന്ന ക്ഷണികങ്ങളാണ് പഞ്ചഭൂതാത്മകമായ ഈ ദേഹം എല്ലാ വ്യാപാരങ്ങളും അവസാനിപ്പിച്ച് വെണ്ണീറായി പോവുന്നു. ഭക്തന്മാർക്ക് അവരുടെ ദേഹം ഒരിക്കൽ വെണ്ണീറാക്കപ്പെടും എന്ന് ഓർമ്മിപ്പിക്കാനാണ് ബാബ, ഉധി വിതരണം ചെയ്തിരുന്നത്. ഉധിയിൽകൂടെ ബാബ 'ബ്രഹ്മസത്യം ജഗന്മിഥ്യ 'എന്ന തത്വവും മകൻ, അച്ഛൻ, ഭാര്യ എന്ന ബന്ധങ്ങളൊന്നും യഥാർത്ഥത്തിൽ ഉള്ളതല്ലെന്നും പഠിപ്പിച്ചു. നാം ലോകത്തിൽ ഒറ്റക്കാണ് വരുന്നത്. പോകേണ്ടതും ഒറ്റക്കാണ്. ഉധികൊണ്ട് പല ശാരീരികവും മാനസികവുമായ തകരാറുകൾ സുഖപ്പെട്ടതായി കാണുകയും കണ്ടു കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ബാബ ഉധികൊണ്ടും ദക്ഷിണകൊണ്ടും ഉദ്ദേശിച്ചത് ഭക്തന്മാരെ യഥാർത്ഥവും അയഥാർത്ഥവും തമ്മിൽ തിരിച്ചറിയാനും,

അയഥാർത്ഥത്തിൽ നിസ്സംഗത്വം വളർത്തേണ്ടതാണെന്ന് പഠിപ്പിക്കാനുമാണ്. ഉധി വിവേചന ബുദ്ധിയും, ദക്ഷിണ നിസ്സംഗത്വവും പഠിപ്പിക്കുന്നു. ഇത് രണ്ടുമില്ലെങ്കിൽ നമുക്ക് സംസാര സാഗരം കടക്കാനാവില്ല. അതുകൊണ്ട് ബാബ ദക്ഷിണ ചോദിച്ച് വാങ്ങുകയും ഭക്തന്മാർ വിടവാങ്ങുമ്പോൾ ഉധി കൊടുക്കുകയും ചെയ്തു. ചിലപ്പോൾ ബാബ ഉധികൊണ്ട് നെറ്റിയിൽ കുറിയിട്ടുകൊടുത്ത് തലയിൽ കൈ വെച്ചനുഗ്രഹിക്കുമായിരുന്നു. ബാബ സന്തുഷ്ടനായി ചിലപ്പോൾ ആനന്ദത്തോടുകൂടി പാടുമായിരുന്നു. അത്തരം ഒരു പാട്ട് 'രമ്തേ രാം ആവോജി ആവോജി! ഉധിയാം കി ഗോ നിയാം ലാവോജി' എന്നായിരുന്നു. അതിന്നർത്ഥം 'ക്രീഡാനിരതനായ രാമ! വരൂ വരൂ! ചാക്കുകണക്കിൽ ഉധികൊണ്ടുവരൂ' എന്നാണ്. ബാബ വ്യക്തമായും മധുരമായും പാടാറുണ്ടായിരുന്നു.

ഉധിയുടെ ആദ്ധ്യാത്മികവശത്തെപ്പറ്റി അത്രമാത്രം. അതിന്ന് ഭൗതിക വശവുമുണ്ടായിരുന്നു. അത് ആരോഗ്യം, നേട്ടം, സ്വാതന്ത്ര്യം, മനഃശാന്തി മുതലായവ പ്രദാനം ചെയ്തു. അങ്ങിനെ ഉധി ആദ്ധ്യാത്മികവും ഭൗതികവുമായ നേട്ടങ്ങൾ പ്രദാനം ചെയ്തു. ഇനി നമുക്ക് ഉധിയെ പറ്റിയ കഥകൾ പറയാം.

## തേളുകുത്തിയത്

നാസിക്കിലെ നാരായണൻ മോതിറാംജാനി എന്നയാൾ ബാബയുടെ ഒരു ഭക്തനായിരുന്നു. അയാൾ രാമചന്ദ്ര വാമൻമോദക്ക് എന്നു പേരായ മറ്റൊരു ബാബാഭക്തന്റെ സേവകനായിരുന്നു. ഒരിക്കൽ അയാൾ അമ്മയെയും കൂട്ടി ഷിർദ്ദിയിലേക്കു പോയി. ബാബയെ കണ്ടു. അന്നേരം ബാബ അയാളോട് ഇനി മേലാൽ ആരെയും സേവിക്കേണ്ടതില്ലെന്നും സ്വാതന്ത്രമായി കച്ചവടം നടത്തണമെന്നും പറഞ്ഞു. കുറച്ച്

ദിവസങ്ങൾക്ക് ശേഷം ഈ വാക്കുകൾ സഫലീകരിച്ചു. നാരായണൻജാനി ജോലി ഉപേക്ഷിച്ച് സ്വന്തമായി 'ആനന്ദാശ്രമം' എന്ന പേരിൽ ഒരു ബോർഡിങ്ങ് ഹൗസ് തുടങ്ങി. ഒരിക്കൽ ഈ നാരായണൻ റാവുവിന്റെ ഒരു സ്നേഹിതനെ തേളുകുത്തി. അയാൾക്കു ദുസ്സഹമായ വേദനയും സഞ്ചാരവും അനുഭവപ്പെട്ടു. ഈ വക കാര്യങ്ങളിൽ, വേദനിക്കുന്നിടത്ത് ഉധി പുരട്ടിയാൽ സമാധാനം കിട്ടും. നാരായണൻ റാവു ഉധിക്കുവേണ്ടി തിരഞ്ഞുനോക്കിയിട്ടും ഒട്ടും കിട്ടിയില്ല. അപ്പോൾ അയാൾ ബാബയുടെ ചിത്രത്തിനു മുന്നിൽ നിന്ന് നന്നായി പ്രാർത്ഥിച്ച്, സഹായിക്കാൻ അപേക്ഷിച്ച്, അവിടെ കത്തിയിരുന്ന ചന്ദനത്തിരിയുടെ ചാരം ഉധിയാണെന്നു സങ്കല്പിച്ച് കുറച്ചെടുത്ത് തേളുകുത്തിയ ഭാഗത്ത് പുരട്ടിക്കൊടുത്തു. പുരട്ടി കയ്യെടുത്തത്തോടുകൂടി വേദനയും സഞ്ചാരവും തീരെ മാറി. ഇരുവരും അത്യധികം സന്തോഷിച്ചു.

**പ്ലേഗ്**

ഒരിക്കൽ ബന്ദ്രയിലുള്ള ഒരു ഭക്തന് , മറ്റൊരു സ്ഥലത്ത് താമസിക്കുന്ന തന്റെ മകൾക്ക് പ്ലേഗാണെന്ന് വിവരം കിട്ടി. അയാളുടെ കയ്യിൽ ഉധി തീർന്നുപയോതിനാൽ നാനാ സാഹെബ് ചന്ദോർക്കറുടെ അടുക്കലേക്ക് കുറച്ച് ഉധിതരാൻ പറഞ്ഞ് ഒരാളെ അയച്ചു. നാനാസാഹെബ് ഭാര്യയോടുകൂടി കല്യാണിലേക്ക് പോവാൻ താനാ റെയിൽവെസ്റ്റേഷനിലേക്ക് പോകുംവഴി നിരത്തിൽവെച്ചാണ് ഈ സന്ദേശം കേട്ടത്. അന്നേരം അയാൾവശം ഉധിയുണ്ടായിരുന്നില്ല. അയാൾ ഉടനെ നിരത്തിൽ നിന്ന് ഒരു നുള്ളുപൊടിയെടുത്ത് ബാബയോട് സഹായിക്കാൻ പ്രാർത്ഥിച്ച് അയാളുടെ ഭാര്യയുടെ നെറ്റിയിൽ തേച്ചു. വന്ന ആൾ ഇതെല്ലാം കണ്ടു. ചെന്നു നോക്കുമ്പോൾ നാനാസാഹെബ് ഭാര്യയുടെ നെറ്റിയിൽ പൊടിപുരട്ടിയ നിമിഷം

മുതൽ ഭക്തന്റെ മകളുടെ മൂന്നുദിവസമായി കലശലായി ക്കൊണ്ടിരുന്ന പ്ലേഗു സമാധാനപ്പെട്ടു വരുന്നതായി കണ്ടു.

**ജാംനറിലെ അത്ഭുതം**

1904 –05 കാലത്ത് ഷിർദ്ദിയിൽ നിന്ന് 100 നാഴികയിലധികം അകലെയുള്ള ഖാണ്ഡെഷ് ജില്ലയിലെ ജാംനറിൽ നാനാസാഹെബ് ചന്ദോർക്കർ മംലത്ത്ദാറായിരുന്നു. അയാളുടെ മകൾ മൈനതായിക്ക് പ്രസവം അടുത്തിരുന്നു. അവർ മൂന്നു ദിവസത്തോളം പ്രസവവേദനയായിക്കിടന്ന് പ്രസവിക്കാതെ അത്യന്തം അപകടസ്ഥിതിയിലായിരുന്നു. നാനാസാഹെബ് പലതും നോക്കിയിട്ടും കാര്യമുണ്ടായില്ല. ഒടുവിൽ അയാൾ ബാബയോട് തന്നെ പ്രാർത്ഥിച്ചു. അന്നേരം ഷിർദ്ദിയുലുണ്ടായിരുന്ന രാംഗീർബുവ എന്നയാൾക്ക് (ഇയ്യാളെ ബാബ ബാപ്പു ഗീർബുവ എന്നാണ് വിളിക്കുക) ഖാണ്ഡേഷിലുള്ള അയാളുടെ നാട്ടിലേക്ക് പോവാനു ണ്ടായിരുന്നു. ബാബ അയാളോട് പോകുംവഴി ജാംനഗറിലിറങ്ങി ഉധിയും ആരതിയും നാനാസാഹെബിന്ന് കൊടുത്ത് വിശ്രമിച്ച് പോയാൽ മതി എന്നു പറഞ്ഞു. രാംഗീർബുവ തന്റെ കയ്യിൽ രണ്ടുറുപ്പിക മാത്രമെയുള്ളുവെന്നും അത് ജലഗാവോൺവരെ എത്താൻ തന്നെ കഷ്ടിയാണെന്നും അവിടെ നിന്ന് മുപ്പത് നാഴിക അകലെയുള്ള ജാംനഗറിലെത്താൻ ഒരു മാർഗ്ഗവു മില്ലെന്നും പറഞ്ഞു. അതിന് ബാബ അയാൾ ഭയപ്പെടേണ്ട തില്ലെന്നും എല്ലാ ഏർപ്പാടും ചെയ്തിട്ടുണ്ടെന്നും പറഞ്ഞു. പിന്നീട് ബാബ ശാമയോട് മാധവ് ആദ്ക്കർ എഴുതിയ ആരതി ഗീതം പകർത്തി ഒരു പകർപ്പും ഉധിയും കൂടി നാനാ സാഹെബ്ബിന് കൊടുക്കാൻ രാംഗീർബുവയെ ഏല്പിക്കാൻ പറഞ്ഞു. (ഈ ആരതിയുടെ തർജ്ജമ അവസാനം കൊടു ത്തിട്ടുണ്ട്) ബാബയുടെ വാക്കുകളിൽ വിശ്വസിച്ച് രാംഗീർബുവ

ഷിർദ്ദിയിൽ നിന്നുപോയി പുലർച്ചെക്ക് 2.45ന് ജല ഗാവോണിൽ വണ്ടിയിറങ്ങി. കയ്യിൽ രണ്ടണ മാത്രമാണുള്ളത്. ആകെ അയാൾ വിഷമത്തിലാണ്. അപ്പോഴേക്കും ഒരാൾ 'ആരാണ് ഷിർദ്ദിയിലെ ബാപ്പു ഗീർബുവ' എന്ന് വിളിച്ച് ചോദിച്ച് നടക്കുന്നത് കണ്ടു. അയാൾ താനാണ് ബാപ്പു ഗീർബുവ എന്ന് മറ്റെയാളെ സമീപിച്ച് പറഞ്ഞു. നാനാസാഹെബിന്റെ ശിപായിയാണ് താനെന്നും പറഞ്ഞ് നല്ല രണ്ടു കുതിരകളെ കെട്ടിയ ഒന്നാംതരം ഒരു ടോങ്കയിലേക്ക് അയാൾ രാംഗീർ ബുവയെ കൂട്ടികൊണ്ടുപോയി. അവർരണ്ടുപേരും കുതിരവണ്ടിയിൽ അതിശീഘ്രം പോയി പുലർച്ചയോടുകൂടി ഒരു അരുവിക്കടുത്തെത്തി. വണ്ടിക്കാരൻ കുതിരകൾക്ക് വെള്ളം കൊടുക്കാൻ കൊണ്ടുപോയപ്പോൾ ശിപായി, രാംഗീർ ബുവയോട് കുറച്ച് ഭക്ഷണം കഴിക്കാമെന്ന് പറഞ്ഞു. ഒരു പൊതി എടുത്തു. അയാളുടെ താടിയും മീശയും ഉടുപ്പും എല്ലാം കണ്ടപ്പോൾ രാംഗീർബുവ അയാളൊരു മുസ്ലീമായിരിക്കുമെന്ന് സംശയിച്ച് ഭക്ഷണം കഴിക്കാൻ മടിച്ചുനിൽക്കുന്നത് കണ്ട് താൻ ഗാർവാളി ക്ഷത്രിയനാണെന്നും ഹിന്ദുവാണെന്നും ഈ ഭക്ഷണം നാനാസാഹെബ് അയച്ചതാണെന്നും ഒന്നും സംശയിക്കേണ്ടതില്ലെന്നും പറഞ്ഞു. അയാൾ നാനാ സാഹെബിന്റെ വീട്ടിൽ ചെന്ന് ഉധിയും ആരതിയും കൊടുത്തു. അപ്പോഴേക്കും മൈനതായിക്ക് സ്ഥിതി വളരെ അപകട നിലയിലായിരുന്നു. എല്ലാവരും അത്യധികം സങ്കടത്തി ലായിരുന്നു. നാനാസാഹെബ് ഭാര്യയെ വിളിച്ച് ഉധി വെള്ളത്തിൽ കലർത്തി മകൾക്ക് കുടിക്കാൻ കൊടുക്കാനും ആരതിപാടാനും ഏല്പിച്ചു. ബാബ അവസരോചിതം സഹായത്തിനെത്തിയതാണെന്നയാൾ വിശ്വസിച്ചു. ഏതാനും നിമിഷങ്ങൾക്കകം സുഖമായി പ്രസവിച്ച വിവരവും കിട്ടി. രാംഗീർബുവ പിന്നീട് നാനാസാഹെബിനോട്, കുതിര

വണ്ടിയോടു കൂടി ശിപായിയെ അയച്ചതിനും ഭക്ഷണം കൊടുത്തയച്ചതിനും നന്ദി പറഞ്ഞപ്പോൾ നാനാസാഹെബ് അതിശയിച്ചു അയാൾ ആരെയും സ്റ്റേഷനിലേക്കയച്ചിരുന്നില്ല. ഷിർദ്ദിയിൽ നിന്ന് ആളുവരുന്ന വിവരവും അയാൾക്ക് അറിയില്ലായിരുന്നു.

താനയിലെ മംലത്ത്ദാരായി റിട്ടയർചെയ്ത മിസ്റ്റർ ബി. വി. ദേവ് ഇക്കാര്യത്തെപ്പറ്റി പിന്നീട് നാനാസാഹെബിന്റെ മകൻ ബാപ്പുറാവു ചന്ദോർക്കറോടന്വേഷിച്ചതിൽ ഇപ്പറഞ്ഞ സംഭവം ശരിയാണെന്ന് തെളിഞ്ഞു. അദ്ദേഹം രാംഗീർബുവയോടും ഇക്കാര്യം അന്വേഷിച്ച് സംഭവം ശരിയാണെന്നറിഞ്ഞു.

**നാരായണൻ റാവു**

ഭക്തനാരായണൻ റാവുവിന്റെ അച്ഛന് ആയാളുടെ ജീവദശയിൽ ബാബയെ രണ്ടുപ്രാവശ്യം ദർശനം ചെയ്യാനുള്ള മഹാഭാഗ്യമുണ്ടായി. 1918-ലെ മഹാസമാധിക്കു മൂന്നു വർഷങ്ങൾക്ക് ശേഷം അയാൾക്ക് ഷിർദ്ദിക്ക് വരാനാഗ്രഹ മുണ്ടായെങ്കിലും സാധിച്ചില്ല. മഹാസമാധികഴിഞ്ഞു ഒരു കൊല്ലത്തിനുള്ളിൽ തന്നെ അയാൾ രോഗിയായി തീർന്നു. എല്ലാ മരുന്നുകളും പരീക്ഷിച്ചു നോക്കിയിട്ടും ഫലമുണ്ടായില്ല. അങ്ങിനെ അവസാനം ബാബയെ അഹോരാത്രം ധ്യാനിക്കാൻ തുടങ്ങി. ഒരു രാത്രിയിൽ അയാൾക്ക് ഒരു സ്വപ്ന ദർശന മുണ്ടായി. ബാബ അയാളുടെ അരികെ വന്നു സമാധാനിപ്പിച്ചു. 'നിരാശപ്പെടേണ്ടതില്ല. നാളെ തൊട്ടു സുഖപ്പെടാൻ തുടങ്ങും. സ്വപ്നദർശനത്തിൽ പറഞ്ഞപോലെ തന്നെ നാരായണൻ റാവുവിന് സുഖമായി. ഇതിൽ ചിന്തിക്കേണ്ടത് ബാബ ശരീരം ഉള്ളകാലം ജീവിക്കയും ശരീരം ഉപേക്ഷിച്ചതോടുകൂടി മരിച്ചുപോവുകയും ചെയ്തുവോ എന്നാണ്. ബാബക്ക്

മരണമില്ല. ബാബ ജീവനും മരണത്തിനും അതീതനാണ്. ബാബയെ ആത്മാർത്ഥമായി ഒരിക്കൽ സ്നേഹിച്ചവന് ബാബയിൽ നിന്നും അതിന്നുള്ള ഫലം എപ്പോഴും ഏതു സ്ഥലത്തുവെച്ചും കിട്ടികൊണ്ടിരിക്കും. ബാബ എല്ലായ്പ്പോഴും നമ്മുടെ സമീപത്തുണ്ട് എന്തെങ്കിലും രൂപത്തിൽ ഭക്തന്മാരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ട് അവരുടെ
ആഗ്രഹം സാധിപ്പിച്ചുകൊടുക്കും.

## അപ്പാസാഹെബ് കുൽക്കർണ്ണി

1917-ൽ അപ്പാസാഹെബ് കുൽക്കർണ്ണിക്കുള്ള അവസരം വന്നു. അയാളെ താനെയിലേക്ക് സ്ഥലം മാറ്റിയതിൽ പിന്നെ ബാലാസാഹിബ് ഭാട്ടെ കൊടുത്ത ബാബയുടെ ചിത്രത്തെ പൂജിക്കാൻ തുടങ്ങി. പടത്തിന് ദിവസവും പുഷ്പം, ചന്ദനം, നൈവേദ്യം മുതലായവകൊണ്ട് പൂജിച്ച് ബാബയെ കാണുമാറാകണമെന്ന് പ്രാർത്ഥിക്കും. ബാബയുടെ പടം കാണുന്നത് ബാബയെ കാണുന്നതിന് തുല്യമാണ്. അതിന്നൊരു ഉദാഹരണം പറയാം.

## ബാലാബുവ സുതാർ

ബാലബുവ സുതാർ എന്നു പേരായി, ഭക്തികൊണ്ട് അഭിനവതുക്കാറാം എന്ന സ്ഥാനപ്പേരു ലഭിച്ച ഒരു ബോംബെക്കാരൻ സന്യാസി 1917-ൽ ഷിർദ്ദിയിൽ വന്നു. അദ്ദേഹം ബാബയെ നമസ്കരിച്ചപ്പോൾ 'ഈ മനുഷ്യനെ എനിക്ക് നാലു കൊല്ലങ്ങളായിട്ടറിയാം' എന്നാണ് ബാബ പറഞ്ഞത്. ബാലബുവ ആദ്യമായി ഷിർദ്ദിയിൽ വന്നതായതിനാൽ അദ്ദേഹം അതിശയിച്ചുപോയി. നല്ലപോലെ ആലോചിച്ചപ്പോൾ ബോംബെയിൽ വെച്ച് നാല് കൊല്ലങ്ങൾക്കു മുമ്പൊരിക്കൽ ബാബയുടെ പടത്തിന്നുമുന്നിൽ നമ്സകരിച്ച

തായി ഓർമ്മ വന്നു. അപ്പോഴാണ് ബാബ പറഞ്ഞതിന്റെ പൊരുൾ അദ്ദേഹത്തിന് മനസ്സിലായത്. അദ്ദേഹം ചിന്തിച്ചു. 'ഋഷിശ്വരന്മാർ എത്രമാത്രം സർവ്വവ്യാപികളും സർവ്വാന്തര്യാമി കളുമാണ് ! അവർ ഭക്തന്മാരോട് എത്രമാത്രം കരുണ - കാണിക്കുന്നു! ഞാൻ ഒരു പടത്തെ മാത്രമാണ് നമസ്കരിച്ചത്. അത് ബാബ എടുത്തു പറഞ്ഞു കൊണ്ട് പടത്തെ കാണുന്നതും തന്നെ കാണുന്നതും വ്യത്യസ്തമല്ലെന്ന് വ്യക്തമാക്കുകയാണ്'

അപ്പാസാഹെബിന്റെ കഥയിലേക്കുതന്നെ മടങ്ങുക. അയാൾ താനയിലിരിക്കെ ദീവണ്ടിയിലേക്ക് ടൂർ പോവാനുണ്ടായിരുന്നതിനാൽ ഒരാഴ്ചക്ക് മടങ്ങിവരാൻ കഴിയുമായിരുന്നില്ല. അയാളുടെ അഭാവത്തിൽ മൂന്നാംദിവസം താഴെപറയുന്ന വിസ്മയം നടന്നു. ഉച്ചനേരത്ത് അപ്പാ സാഹെബിന്റെ വീട്ടിൽ ഒരു ഫക്കീർ കയറി വന്നു. കാഴ്ചയിൽ ബാബയുടെ ചിത്രത്തിലേതുപോലെ തന്നെ ഉണ്ടായിരുന്നു. മിസ്സിസ് കുൽക്കർണ്ണിയും കുട്ടികളുമെല്ലാം അദ്ദേഹത്തോട് ഷിർദ്ദിയിലെ സായിബാബയാണോ എന്നന്വേഷിച്ചു. അദ്ദേഹം 'അല്ല' എന്നും പക്ഷെ ബാബയുടെ ആശ്രിതനാണെന്നും ബാബ നിയോഗിച്ചതനുസരിച്ച് ആ കുടുംബത്തിന്റെ യോഗക്ഷേമം അറിയാൻ വന്നതാണെന്നും പറഞ്ഞു. അദ്ദേഹം ദക്ഷിണ ആവശ്യപ്പെട്ടു. അവർ അദ്ദേഹത്തിന് ഒരുറുപ്പിക കൊടുത്തു. അദ്ദേഹം ഒരു ചെറിയ ഉധി കൊടുത്ത് അത് പൂജാ മുറിയിൽവെച്ച് ആരാധിക്കാൻ പറഞ്ഞു. ഇതും പറഞ്ഞ് അദ്ദേഹം പോയി. ഇനി സായിയുടെ വിസ്മായവഹമായ ലീല കേൾക്കുവിൻ. അപ്പാസാഹെബിന്റെ കുതിരക്കു സുഖമില്ലാതായതിനാൽ ടൂർ തുടർന്നു നടത്താൻ കഴിഞ്ഞില്ല. അന്നു വൈകുന്നേരം അയാൾ വീട്ടിൽ മടങ്ങി വന്നപ്പോൾ ഫക്കീർ സന്ദർശിച്ച വിവരം ഭാര്യ പറഞ്ഞു. അയാൾക്ക് ഫക്കീറിനെ കാണാൻ കഴിഞ്ഞില്ലല്ലോ

എന്നും ഒരുറുപ്പിക ദക്ഷിണകൊടുത്തത് മതിയായില്ല എന്നും അയാൾ മനസ്സിൽ വിചാരിച്ചു. താൻ ഉണ്ടായിരുന്നെങ്കിൽ പത്തുറുപ്പികയിൽ കുറഞ്ഞു ദക്ഷിണ കൊടുക്കില്ലെന്ന് അയാൾ പറയുകയും ചെയ്തു. പിന്നീട് ഭക്ഷണവും കൂടി കഴിക്കാതെ ഫക്കീറിനെ അന്വേഷിച്ചിറങ്ങി. അവിടുത്തെ ഒരു മസ്ജിദ്ദിലും മറ്റു പലസ്ഥലങ്ങളിലും തിരഞ്ഞു. അയാളുടെ അന്വേഷണം വിഫലമായി. അയാൾ വീട്ടിൽ മടങ്ങിവന്ന് ഭക്ഷണം കഴിച്ചു. ബാബയുടെ കല്പന, ദൈവത്തെ വെറും വയറായി അന്വേഷിക്കരുതെന്നാണെന്നു 32-ാം അദ്ധ്യായത്തിൽ വായിച്ചത് വായനക്കാർ ഓർക്കുന്നുണ്ടല്ലോ. അപ്പാ സാഹെബിന് ആ പാഠം ഇക്കാര്യത്തിൽ പഠിഞ്ഞു. ഊണു കഴിഞ്ഞു അയാൾ മിസ്റ്റർ ചിത്രെ എന്ന ഒരു സുഹൃത്തുമായി ഒന്നു നടക്കാനിറങ്ങി. കുറച്ചുപോയപ്പോൾ ഒരാൾ ധൃതിയിൽ അവരെ സമീപിക്കുന്നതു കണ്ടു. അദ്ദേഹം ഫോട്ടോവിലെ ബാബയുടെ മാതിരിതന്നെ ഇരുന്നതുകൊണ്ട് ഉച്ചക്ക് വീട്ടിൽ വന്ന ഫക്കീർ തന്നെ ആയിരിക്കുമെന്ന് അയാൾ നിശ്ചയിച്ചു. ഫക്കീർ കൈനീട്ടി ദക്ഷിണചോദിച്ചു. അപ്പാസാഹെബ് ഒരുറുപ്പിക കൊടുത്തു. വീണ്ടും വീണ്ടും ചോദിച്ചപ്പോൾ അപ്പാസാഹെബ് രണ്ടുറുപ്പിക കൂടി കൊടുത്തു. എന്നിട്ടും തൃപ്തനാവാഞ്ഞപ്പോൾ മിസ്റ്റർ ചിത്രെയോട് മൂന്നുറുപ്പിക കടംവാങ്ങി അതും കൊടുത്തു. ഫക്കീർ പിന്നെയും ചോദിച്ചു. അപ്പാ സാഹെബ് അദ്ദേഹത്തോട് തന്റെ കൂടെ വീട്ടിലേക്ക് വരാൻ പറഞ്ഞു. അങ്ങിനെ എല്ലാവരും കൂടി വീട്ടിലെത്തിയപ്പോൾ അപ്പാസാഹെബ് മൂന്നുറുപ്പികകൂടി കൊടുത്തു. അങ്ങിനെ ആകെ ഒമ്പതുറുപ്പികയായി. ഫക്കീർ തൃപ്തനായില്ല. അപ്പോൾ തന്റെ കയ്യിൽ ഒരു പത്തിന്റെ നോട്ടുണ്ട് എന്നു പറഞ്ഞു. ഫക്കീർ അത് ചോദിച്ചുവാങ്ങി. ഒമ്പതുറുപ്പിക മടക്കികൊടുത്തു സ്ഥലംവിട്ടു. അപ്പാസാഹെബ് പറഞ്ഞ

പത്തുറുപ്പികയും വാങ്ങി ബാബ തൊട്ടു പരിശുദ്ധമാക്കിയ ഒമ്പതുറുപ്പിക അയാൾക്ക് കൊടുക്കകയും ചെയ്തതാണ് ബാബ പോയത്. ഒമ്പത് എന്ന അക്കം സുപ്രധാനമാണ്. അത് നവവിധഭക്തിയെ സൂചിപ്പിക്കുന്നു. (21-ാം അദ്ധ്യായം) ബാബയുടെ അവസാന നിമിഷങ്ങളിൽ ബാബ ലക്ഷ്മീബായി ഷിൻഡെക്കും ഒമ്പതുറുപ്പികയാണ് കൊടുത്തത്.

അപ്പാ സാഹെബ് ഉധിയുടെ പൊതി തുറന്നു നോക്കിയപ്പോൾ അതിൽകുറച്ചു പുഷ്പവും അക്ഷതവും കൂടി ഉള്ളതായി കണ്ടു. പിന്നീട് കുറച്ചുകാലം കഴിഞ്ഞു ബാബയെ ഷിർദ്ധിയിൽവെച്ച് കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഒരു തലനാരിഴയും അയാൾക്ക് കിട്ടി. അയാൾ ഉധിയുടെ പൊതിയും മുടിനാരും ഒരു തകിടിലാക്കി ദേഹത്തിൽ ധരിച്ചു. അപ്പാസാഹേബിന് ഉധിയുടെ ശക്തി മനസ്സിലായി. അയാൾ സമർത്ഥനായിരുന്നെങ്കിലും ആദ്യത്തിൽ നാല്പതുറുപ്പികയെ ശമ്പളം കിട്ടിയിരുന്നുള്ളൂ. പക്ഷെ ബാബയുടെ ഉധിയും പടവും കിട്ടിയതിൽ പിന്നെ ഈ നാല്പതിന്റെ എത്രയോ ഇരട്ടി ശമ്പളം വർദ്ധിക്കുകയും വളരെ അധികം സ്വാധീനമുള്ള ആളാവുകയും ചെയ്തു. അയാൾ ആദ്ധ്യാത്മികമായും ഉയർന്നു. അതുകൊണ്ട് ബാബയുടെ ഉധി കിട്ടാൻ ഭാഗ്യമുള്ളവർ കുളികഴിഞ്ഞ് അത് നെറ്റിയിൽ തൊട്ടു കുറച്ചെടുത്ത് വെള്ളത്തിൽ കലർത്തി തീർത്ഥമായി കഴിക്കുകയും വേണം.

## ഹരിഭാവു കാർണിക്:

1917-ലെ ഗുരുപൗർണ്ണമി ദിവസം താനാ ഡിസ്ട്രിക്ടിലെ ഭഹാനുവിൽ നിന്ന് ഹരിഭാവു കാർണ്ണിക്ക് എന്ന ഒരാൾ ഷിർദ്ദിയിൽ വന്ന് ബാബയെ ഉപചാരപൂരസ്സരം പൂജിച്ചു. അയാൾ വസ്ത്രങ്ങളും ദക്ഷിണയും എല്ലാം വഴിപാടായി കൊടുത്ത്

ശാമയോട് പറഞ്ഞ് ബാബയുടെ അനുമതി വാങ്ങി മസ്ജിദ്ദിന്റെ ഒതുക്കകളിറങ്ങി. അപ്പോൾ അയാൾക്ക് ഒരുറുപ്പിക കൂടി ദക്ഷിണ കൊടുക്കണമെന്നു തോന്നി വീണ്ടും ഒതുക്കുകയറാൻ നോക്കിയപ്പോൾ ശാമ അയാളോട് ബാബ പൊയ്ക്കോളാൻ സമ്മതിച്ചതിനാൽ പിന്നീട് അങ്ങോട്ട് കയറരുതെന്നും ഉടനെ പോകണമെന്നും പറഞ്ഞു. അയാൾ വീട്ടിലേക്ക് മടങ്ങി. വഴിക്കുവെച്ച് നാസിക്കിലെ കാലരാമക്ഷേത്രത്തിൽ അയാൾ ദർശനത്തിനുപോയപ്പോൾ അവിടെയുണ്ടായിരുന്ന യോഗി നരസിംഗ് മഹരാജ് ശിഷ്യന്മാരെ വിട്ടുവന്ന് ഹരിഭാവുവിന്റെ കയ്പിടിച്ച് 'എന്റെ ഒരുറുപ്പിക തരൂ' എന്നു പറഞ്ഞു. കാർണിക് സന്തോഷത്തോടെ ഉറുപ്പിക കൊടുത്തു. സിദ്ധന്മാർ ഒറ്റക്കെട്ടാണെന്നും ബാബ ഈ മാർഗ്ഗത്തിലൂടെ ബാബക്ക് കൊടുക്കാൻ നിശ്ചയിച്ച ഉറുപ്പിക വസൂലാക്കിയതാണെന്നും അയാൾക്ക് മനസ്സിലായി.

എല്ലാ ഋഷിശ്വരന്മാരും ഒന്നാണ്. അവരുടെ പ്രവർത്തനരീതിയും ഒന്നാണ്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !